പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, അങ്ങ് പറഞ്ഞതുപോലെ വളരെ പ്രധാനപ്പെട്ട ഒരു മേൽപ്പാലമാണിത്. 22 കോടി രൂപയാണ് അതിന്റെ എസ്റ്റിമേറ്റ് കണക്കാക്കിയിരിക്കുന്നത്. അത് അവഗണിച്ചുവെന്ന് പറയുന്നത് ശരിയല്ല. 2012-13-ലെ റെയിൽവേയുടെ വർക്ക് പ്രോഗ്രാമിൽ അതുൾപ്പെടുത്തിയിട്ടുണ്ട്. അവിടത്തെ യഥാർത്ഥ പ്രശ്നം അതല്ല. അതൊരു ക്ഷേത്രനഗരിയാണ്. നമ്മളിപ്പോൾ ഇവിടെ റെയിൽവേ ഓവർബ്രിഡ്ജുകൾ നിർമ്മിക്കുമ്പോൾ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് ഫണ്ട് കടമെടുത്താണ് ആർ.ബി.ഡി.സി.കെ. (റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്). ഈ പ്രവൃത്തികളൊക്കെ ചെയ്യുന്നത്. പണി തീർന്ന് പാലം ഉദ്ഘാടനം ചെയ്തുകഴിഞ്ഞാലുടൻ ടോൾ പിരിക്കാറുണ്ട്. പക്ഷെ ഇവിടെ ടോൾ പിരിക്കാൻ സാധിക്കുകയില്ല. കാരണം ഇതൊരു ക്ഷേത്രനഗരിയാണ്. അതുസംബന്ധിച്ച് എം.എൽ.എ.-യും ഗുരുവായൂർ ദേവസ്വം ബോർഡ് പ്രസിഡന്റും പ്രത്യേകം റെപ്രസന്റ് ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ദേവസ്വം വകുപ്പുമന്ത്രി, എം.എൽ.എ., എം.പി. എന്നിവരുടെ ഒരു യോഗം വിളിച്ചുചേർത്ത് ഫണ്ട് കണ്ടെത്തി ടോളില്ലാത്ത ഒരു പാലമാക്കി മാറ്റിയില്ലെങ്കിൽ ഭാവിയിൽ വളരെയധികം പ്രശ്നങ്ങളുണ്ടാകും കാരണം, ഇതൊരു ക്ഷേത്രനഗരിയാണ്. ദേവസ്വംബോർഡ് പ്രസിഡന്റിനോട് യോഗം വിളിച്ചുചേർക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ നൽകാൻ ആവശ്യപ്പെടുകയും അദ്ദേഹം പ്രൊപ്പോസൽ നൽകുകയും ചെയ്തിട്ടുണ്ട്. എം.എൽ.എ.-യുടെയും എം.പി.-യുടെയുമൊക്കെ യോഗം വിളിച്ച് നമുക്ക് ഈ കാര്യത്തിലൊരു തീരുമാനമെടുത്ത് മുന്നോട്ടുപോകണം. പണി തുടങ്ങിയതിനുശേഷം വലിയൊരു പ്രക്ഷോഭമുണ്ടാകുന്ന സ്ഥിതിവിശേഷം ആ ക്ഷേത്ര നഗരിയിലുണ്ടാകാൻ പാടില്ല. അതുകൊണ്ട് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലൊരു മീറ്റിംഗ് വിളിച്ച് എങ്ങനെ മുന്നോട്ടു പോകണമെന്നും ടോൾ പിരിവില്ലാതെ ഒരു പാലം നിർമ്മിച്ച് പോകാൻ സാധിക്കുമോയെന്ന് ആലോചിക്കാം. ഗുരുവായൂർ നഗരത്തിൽ ഔട്ടർറിങ്ങ് റോഡ് നിർമ്മാണ കാര്യത്തിൽ 1-7-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം വിളിച്ചിരുന്നു. അതുസംബന്ധിച്ച് ഇപ്പോഴുള്ള പ്രശ്നങ്ങൾ തീർക്കുന്നതിന് വാട്ടർ അതോറിറ്റിയുടെയും പൊതുമരാമത്ത് വകുപ്പിന്റെയും ഉദ്യോഗസ്ഥരായ വാട്ടർ റിസോഴ്സസിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയും അവിടെ സ്ഥലം പരിശോധിച്ച് അതിനൊരു പ്രോഗ്രാം തയ്യാറാക്കി മുന്നോട്ടു പോകാൻ നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് മുന്നോട്ടുപോകുന്നതാണ്.

20. മിനി സിവിൽസ്റ്റേഷൻ

ശ്രീ. പുരുഷൻ കടലുണ്ടി : സർ, കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി മണ്ഡലത്തിൽ അതിവേഗം വളർന്നുവരുന്ന ഒരു നഗരമാണ് ബാലുശ്ശേരി. ബഹുമാനപ്പെട്ട മന്ത്രിക്കും റവന്യൂ വകുപ്പുമന്ത്രിക്കും വളരെയധികം അറിയാവുന്ന ഒരു പ്രദേശം കൂടിയാണിത്. അവിടെ സബ് രജിസ്ട്രാർ ഓഫീസ്, എംപ്ലോയ്മെന്റ് ഓഫീസ്, എക്സൈസ് ഓഫീസ്, എ.ഇ.ഒ. ഓഫീസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, കെ.എസ്.ഇ.ബി.-യുടെ

LIBRARY ARCHIVES Kerala Legislative Assembly

ഡിവിഷൻ ഓഫീസ്, സബ് ഡിവിഷൻ ഓഫീസ്, സെക്ഷൻ ഓഫീസുകൾ ഇവയൊക്കെ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വർഷങ്ങളായി വലിയ വാടകയാണ് ഇതിന് കൊടുത്തുകൊണ്ടിരിക്കുന്നത്. അതിന് വേണ്ട സൗകര്യവും അവിടെയില്ല. അതുമാത്രമല്ല, ജനങ്ങൾക്ക് എത്താനും വളരെ ദുർഘടമായ വഴികളാണ് ആ പ്രദേശത്തുള്ളത്. രേഖകൾ സൂക്ഷിക്കുന്നതിനും സൗകര്യമില്ലാത്ത അവസ്ഥയാണുള്ളത്. 9 പഞ്ചായത്തുകളിലെ ജനങ്ങൾക്കായി ഒരു മിനി സിവിൽസ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ടി ഞാൻ എഴുതിത്തന്നിരുന്നു, അതാണ് ഈ സബ്മിഷൻ കൊണ്ടുദ്ദേശിക്കുന്നത്. ബാലുശ്ശേരി കൃഷി ഭവനും വില്ലേജ് ഓഫീസും ഇൻഡസ്ട്രിയൽ എസ്റ്റേറ്റുമുള്ള ഒരു പ്രദേശമാണ് പറമ്പിൻമുഗൾ, അത് ഗവൺമെന്റ് സ്ഥലമാണ്. റവന്യൂ വകുപ്പുമന്ത്രികൂടി ഇടപെട്ടാൽ വിവിധ സർക്കാർ ഓഫീസുകൾ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ സാധിക്കും. അതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട പുരുഷൻ കടലുണ്ടി ഉന്നയിച്ചത് ബാലുശ്ശേരിയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഗതിയാണ്. അവിടത്തെ ഗവൺമെന്റ് ഓഫീസുകളൊക്കെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഒരു മിനി സിവിൽസ്റ്റേഷൻ വേണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അതിന് എത്ര രൂപ ചെലവുവരുമെന്നത് പരിശോധിക്കുന്നതിന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ എസ്റ്റിമേറ്റ് കിട്ടിയാൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും പണം ചെലവഴിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അത് ഗവൺമെന്റിൽനിന്ന് ചെലവഴിക്കാൻ സാധിക്കുമെങ്കിൽ അങ്ങനെ ചെലവഴിച്ചുകൊണ്ടോ അദ്ദേഹത്തിന്റെ ഓഫർ സ്വീകരിച്ചുകൊണ്ടോ ഇത് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

VI മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ

1. ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് I പ്രകാരം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 41, 46, ഒൻപതാം സമ്മേളനത്തിലെ 45, 1698 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കുവേണ്ടി താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 239, പതിനൊന്നാം സമ്മേളനത്തിലെ 209 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

LIBRARY ARCHIVES Kerala Legislative Assembly